(ബി) ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ എത്ര രൂപ ഈയിനത്തിൽ അനുവദിച്ചു ; അവ ഏതൊക്കെ പഞ്ചായത്തുകൾക്കാണെന്നും, ഓരോ പഞ്ചായത്തിനും അനുവദിച്ച തുകയും ബന്ധപ്പെട്ട റോഡും ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2002-2003 സാമ്പത്തിക വർഷത്തിൽ ആകെ 2 കോടി 16 ലക്ഷത്തി അമ്പതിനായിരം രൂപയ്ക്കും ഇതുവരെ ഭരണാനുമതി നൽകിക്കഴിഞ്ഞു.

കാലവർഷക്കെടുതിമൂലം ഗതാഗതയോഗ്യമല്ലാതായി തീർന്ന റോഡുകൾ, കലുങ്കുകൾ, പാലങ്ങൾ, സർക്കാർ കെട്ടിടങ്ങൾ എന്നിവയുടെ അടിയന്തരമായ പുനരുദ്ധാരണം. (immediate restoration and improvement of the damaged infrastructure) ചെയ്തുതീർക്കേണ്ടതാണെന്ന് സർക്കാർ കരുതുന്ന പക്ഷം തുക അനുവദിക്കുന്നതാണ്. ജോലി നിർവ്വഹണം കഴിഞ്ഞ് ലഭിക്കുന്ന ബില്ലുകൾ പരിശോധനാ ഉദ്യോഗസ്ഥന്റെ അഭിപ്രായത്തോടുകൂടി മുൻഗണനാക്രമമനുസരിച്ച് ബിൽ തുക അനുവദിച്ചുകൊടുക്കുന്നു.

(ബി) 2003-2004 സാമ്പത്തിക വർഷത്തിൽ, ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ കരിംപുഴ ഗ്രാമപഞ്ചായത്തിലെ കരിന്തോട് ഇടുമ്മൻ മല റോഡിന്റെ അറ്റകുറ്റപ്പണികൾക്കായി 1,25,000 രൂപ (ഒരുലക്ഷത്തി ഇരുപത്തയ്യായിരം രൂപ) അനുവദിച്ചിട്ടുണ്ട്.

കാലവർഷം മൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് അനുവദിച്ച തുകയെ ട്രഷറി നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കാൻ നടപടി

21 (4306) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 ഏപ്രിൽ-മേയ് മാസങ്ങളിൽ വടക്കൻ ജില്ലകളിലുണ്ടായ ചുഴലിക്കാറ്റും കാലവർഷക്കെടുതിയും കാരണം നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം അനുവദിച്ച ചില കേസുകളിൽ ട്രഷറി നിയന്ത്രണം കാരണം ആയത് ലഭ്യമായിട്ടില്ലെന്നകാര്യം സംബന്ധിച്ച് കണ്ണൂർ കളക്ടർ സർക്കാരിലേയ്ക്ക് എഴുതിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന ധനങ്ങൾ പൂർണ്ണമായും ട്രഷറി നിയന്ത്രണങ്ങളിൽ നിന്നും ഒഴിവാക്കി ധനകാര്യ വകുപ്പ് 8-7-2003-ൽ ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly